**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 288** **26-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ എം വിൻസെൻറ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാറായ സാഹചര്യത്തിൽ ഉൾപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കൂളുകളിലെത്താൻ ഗതാഗത സൗകര്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉൾനാടുകളിൽ സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷ, മോട്ടോർ ക്യാബ്, മറ്റ് കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി, വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന് മുമ്പ് 2019-2020 വർഷത്തിൽ ആകെ 3.63 ലക്ഷം വിദ്യാർത്ഥി കൺസഷൻ ടിക്കറ്റുകൾ നൽകിയിട്ടുണ്ട്. ഒരു ബസ്സിൽ ശരാശരി 25% വിദ്യാർത്ഥികൾ യാത്ര ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾക്ക് എല്ലാ ഓർഡിനറി ബസ്സിലും യാത്ര ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി സിറ്റി ഫാസ്റ്റ് ബസ്സുകളിലും കൺസഷൻ അനുവദിച്ച് വരുന്നുണ്ട്. എന്നാൽ പ്രത്യേക പ്രോട്ടോക്കോൾ പ്രകാരം കോവിഡ് മൂലമുള്ള പ്രത്യേക സാഹചര്യത്തിൽ വിവിധ സർക്കാർ / പൊതു വിദ്യാലയങ്ങൾക്കും സ്വകാര്യ മേഖലകളിലെ സ്കൂൾ, കോളേജ് സ്ഥാപനങ്ങൾക്കും പ്രത്യേക നിരക്കിൽ കൂടുതൽ യാത്രാ സൗകര്യം ഒരുക്കി നൽകണമെന്ന ആവശ്യം സജീവ പരിഗണനയിലാണ്. പ്രത്യേക ബസ് ആവശ്യപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ് ഓൺ ഡിമാൻറ് (BOND) പദ്ധതിയിൽ പ്രത്യേകമായി ബസ് നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് നിലവിൽ സർക്കാർ ജീവനക്കാർക്കും മറ്റും യാത്രാ സൗകര്യത്തിനായി ഏർപ്പെടുത്തിയ ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആവശ്യകത അനുസരിച്ച് |

| | | | |
|---|---|---|---|
| | | | ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേക നിരക്ക് ഏർപ്പെടുത്തി ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കെ.എസ്.ആർ.ടി.സി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന "ഗ്രാമവണ്ടി" സർവ്വീസ് ആരംഭിക്കുമ്പോൾ ഉൾപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കും വിദ്യാലയത്തിലെത്താനുള്ള യാത്രാ സൗകര്യം വർദ്ധിക്കുന്നതാണ്. |
| (ബി) | കോവിഡ് -19 ന്റെ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി., സ്വകാര്യ ബസ് സർവ്വീസുകൾ കുറവായതിനാൽ സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉൾനാട്ടുകളിൽ സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷ, മോട്ടോർ ക്യാബ്, മറ്റ് കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി, വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന് മുമ്പ് 2019-2020 വർഷത്തിൽ ആകെ 3.63 ലക്ഷം വിദ്യാർത്ഥി കൺസഷൻ ടിക്കറ്റുകൾ നൽകിയിട്ടുണ്ട്. ഒരു ബസ്സിൽ ശരാശരി 25% വിദ്യാർത്ഥികൾ യാത്ര ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾക്ക് എല്ലാ ഓർഡിനറി ബസ്സിലും യാത്ര ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി സിറ്റി ഫാസ്റ്റ് ബസ്സുകളിലും കൺസഷൻ അനുവദിച്ച് വരുന്നുണ്ട്. എന്നാൽ പ്രത്യേക പ്രോട്ടോക്കോൾ പ്രകാരം കോവിഡ് മൂലമുള്ള പ്രത്യേക സാഹചര്യത്തിൽ വിവിധ സർക്കാർ / പൊതു വിദ്യാലയങ്ങൾക്കും സ്വകാര്യ മേഖലകളിലെ സ്കൂൾ, കോളേജ് സ്ഥാപനങ്ങൾക്കും പ്രത്യേക നിരക്കിൽ കൂടുതൽ യാത്രാ സൗകര്യം ഒരുക്കി നൽകണമെന്ന ആവശ്യം സജീവ പരിഗണനയിലാണ്. പ്രത്യേക ബസ് ആവശ്യപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ് ഓൺ ഡിമാൻറ് (BOND) പദ്ധതിയിൽ പ്രത്യേകമായി ബസ് നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് നിലവിൽ സർക്കാർ ജീവനക്കാർക്കും മറ്റും യാത്രാ സൗകര്യത്തിനായി ഏർപ്പെടുത്തിയ ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആവശ്യകത അനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേക നിരക്ക് ഏർപ്പെടുത്തി ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് |

| | | | |
|---|---|---|---|
| | | | വരുന്നു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കെ.എസ്.ആർ.ടി.സി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന "ഗ്രാമവണ്ടി" സർവ്വീസ് ആരംഭിക്കുമ്പോൾ ഉൾപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കും വിദ്യാലയത്തിലെത്താനുള്ള യാത്രാ സൗകര്യം വർദ്ധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ